(1)	(2)	(3)
10	ജില്ലാ സഹകരണ ബാങ്ക്, പാലക്കാട്	5.20
11	ജില്ലാ സഹകരണ ബാങ്ക്, മലപ്പുറം	7.40
12	ജില്ലാ സഹകരണ ബാങ്ക്, കോഴിക്കോട്	9.02
13	ജില്ലാ സഹകരണ ബാങ്ക്, വയനാട്	5.63
14	ജില്ലാ സഹകരണ ബാങ്ക്, കണ്ണൂർ	5.77
15	ജില്ലാ സഹകരണ ബാങ്ക്, കാസർഗോഡ്	5.07

(ഡി) മൂലധന പര്യാപ്തത കൈവരിക്കുന്നതിന് സംസ്ഥാന സഹകരണ ബാങ്കിന് 2010-11 വർഷങ്ങളിൽ 150 കോടി രൂപയുടെയും 2011-12-ൽ 136 കോടി രൂപയുടെയും ഓഹരി മൂലധനം സർക്കാരിൽനിന്ന് ലഭ്യമാക്കിയിട്ടുണ്ട്. 2012-13 വർഷം, കോട്ടയം ജില്ലാ സഹകരണ ബാങ്കിന് 11 കോടി രൂപയും ഈയിനത്തിൽ നൽകിയിട്ടുണ്ട്.

(ഇ) 2013-14 സാമ്പത്തിക വർഷം അനുവദിച്ച് ഉത്തരവായ 199.50 കോടി രൂപ നൽകിയിട്ടില്ല. അനുവദിച്ച തുകയ്ക്ക് തുല്യമായ തുക സംസ്ഥാന ട്രഷറിയിൽ പ്രത്യേക സഹകരണ ബാങ്ക് നിക്ഷേപ പദ്ധതിയിൽ നിക്ഷേപിക്കണമെന്ന വ്യവസ്ഥ പാലിക്കാത്തതു കാരണമാണ് തുക അനുവദിക്കാൻ കഴിയാത്തത്.

ഈസി ലോൺ സ്കീം

74 (7910) ശ്രീ. മോൻസ് ജോസഫ് :
ശ്രീ. റ്റി. യു. കുരുവിള :
ശ്രീ. തോമസ് ഉണ്ണിയാടൻ :
ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബ്ലേഡ് മാഫിയയുടെ പിടിയിൽനിന്നും സംസ്ഥാനത്തെ രക്ഷിക്കുവാൻ സഹകരണ ബാങ്കുകൾ വഴി "ഈസി ലോൺ സ്കീം" ഏർപ്പെടുത്തുവാൻ നടപടികൾ ഉണ്ടാകുമോ ;

(ബി) നടപടിക്രമങ്ങൾ ലഘൂകരിച്ച് സാലറി സർട്ടിഫിക്കറ്റിന്റെയും മറ്റും അടിസ്ഥാനത്തിൽ അപേക്ഷിക്കുന്ന ദിവസംതന്നെ മൂന്ന് ലക്ഷം രൂപാ വരെ വായ്പ നൽകാൻ നടപടികൾ സ്വീകരിക്കുമോ ;

(സി) എങ്കിൽ അതിനാവശ്യമായ നിർദ്ദേശങ്ങൾ സഹകരണ ബാങ്കുകൾക്ക് നൽകുമോ ; വിശദാംശം ലഭ്യമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി & സി) വായ്പയ്ക്കുള്ള അപേക്ഷയോടൊപ്പം സമർപ്പിക്കുന്ന സാലറി സർട്ടിഫിക്കറ്റിന്മേൽ സ്ഥിരീകരണം ലഭിക്കുന്ന ദിവസം തന്നെ ബൈലാ പ്രകാരം അനുവദനീയമായ വായ്പ നൽകുന്ന കാര്യം പരിശോധിച്ച് ആവശ്യമായ നിർദ്ദേശം നൽകുന്നതാണ്.

സഹകരണ വകുപ്പിലെ ആഡിറ്റ്

75 (7911) ശ്രീ. എ. എ. അസീസ് :

ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർമാരുടെ ജോലി എന്താണെന്ന് വ്യക്തമാക്കുമോ ;

(ബി) ഏതൊക്കെ തരം സഹകരണ സ്ഥാപനങ്ങളെയാണ് ആഡിറ്റിന് വിധേയമാക്കുന്നത് ;

(സി) കൺകറന്റ്, യൂണിറ്റ്തല ആഡിറ്റർമാർ ഓരോ മാസവും ചെയ്തു തീർക്കേണ്ട ആഡിറ്റ് വർഷങ്ങളുടെ എണ്ണം നിശ്ചയിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്രയാണെന്ന് വിശദവിവരം ലഭ്യമാക്കുമോ ;

(ഡി) ആഡിറ്റർമാർക്ക് അധിക ജോലി ഭാരം അടിച്ചേൽപ്പിക്കുന്നതിന്റെ ഫലമായി കൃത്യമായ ആഡിറ്റിംഗ് നടത്താതെ റിപ്പോർട്ട് സമർപ്പിക്കാൻ നിർബന്ധിതരാകുന്ന എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) സഹകരണ സംഘങ്ങളുടെ എണ്ണവും ആഡിറ്റർമാരുടെ അനുപാതവും വ്യക്തമാക്കുമോ ;

(എഫ്) ആഡിറ്റർമാർക്ക് കൃത്യമായ ഓഡിറ്റിംഗ് നടത്തുന്നതിന് മതിയായ സമയം അനുവദിക്കുമോ ?

ഉത്തരം

(എ) ഒരു സഹകരണ സംഘത്തിന്റെ രൂപീകരണം മുതൽ അതിന്റെ ഭരണപരമായ മുഴുവൻ ചുമതലകൾക്കും മേൽനോട്ടവും മാർഗ്ഗനിർദ്ദേശവും നൽകേണ്ട ഉദ്യോഗസ്ഥനാണ് സഹകരണ ഇൻസ്പെക്ടർ. സംഘം സൂക്ഷിക്കേണ്ട രജിസ്റ്ററുകളും

LIBRARY ARCHIVES Kerala Legislative Assembly